A

# സമഗ്രശിക്ഷാ കേരളം

603

## പാദവാർഷിക മൂല്യനിർണ്ണയം 2024-2025


## ഗണിതം

ക്ലാസ് : 6 സമയം : 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന **എട്ട്** മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും **ആറ്** പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.

പ്രവർത്തനം 1




എ) ചിത്രത്തിലെ ഏറ്റവും വലിയ കോണിന്റെ പേരെഴുതുക.

ബി) ചിത്രത്തിൽ കൊടുത്തിരിക്കുന്ന അളവിൽ ഇതേ രൂപം വരയ്ക്കുക.

സി) ചുവടെ കൊടുത്തിരിക്കുന്നവയിൽ മട്ടത്തെക്കാൾ കുറഞ്ഞ കോൺ ഏതാണ്?




പ്രവർത്തനം 2

ആറാം ക്ലാസിലെ 5 കുട്ടികളുടെ ഭാരം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | കുട്ടിയുടെ പേര് | ഭാരം (കിലോഗ്രാം) |
|---|---|---|
| 1 | അരുൺ | 35 |
| 2 | ഹസ്ന | 30 |
| 3 | ജോമോൻ | 38 |
| 4 | മീനു | 36 |
| 5 | നജീബ് | 41 |

എ) ഒരു കുട്ടിയുടെ ശരാശരി ഭാരം എത്ര?

ബി) അഞ്ചുപേരുടെ ഗ്രൂപ്പിൽ നിന്ന് ഒരാൾ പുറത്തുപോയപ്പോൾ, ശരാശരി ഭാരത്തിൽ മാറ്റം വന്നില്ല. പുറത്തുപോയ ആളുടെ ഭാരം എത്ര?

A) 35 കിലോഗ്രാം B) 41 കിലോഗ്രാം C) 38 കിലോഗ്രാം D) 36 കിലോഗ്രാം

സി) അഞ്ചു കുട്ടികളുടെയും ടീച്ചറിന്റെയും ഭാരം ചേർത്ത് ശരാശരി ഭാരം കണക്കാക്കിയപ്പോൾ ശരാശരി ഭാരം 3 കിലോഗ്രാം കൂടി. ടീച്ചറുടെ ഭാരം എത്ര?

പ്രവർത്തനം 3

3 കിലോഗ്രാം പഞ്ചസാര ഒരേ പോലെയുള്ള 5 പാക്കറ്റുകളിലായി നിറച്ചു.

എ) ഒരു പാക്കറ്റിൽ എത്ര കിലോഗ്രാം പഞ്ചസാരയുണ്ട്?


ബി) നീനു അതിൽ നിന്ന് 3 പാക്കറ്റ് പഞ്ചസാര എടുത്തു. മൂന്നു പാക്കറ്റിലും കൂടി എത്ര കിലോഗ്രാം പഞ്ചസാരയുണ്ട്?

സി) നീനു എടുത്ത പഞ്ചസാര 2 തുല്യ ഭാഗങ്ങളാക്കി. ഒരു ഭാഗം അനുവിന് കൊടുത്തു. അനുവിന് എത്ര കിലോഗ്രാം പഞ്ചസാര കിട്ടി?

ഡി) താഴെ കൊടുത്തിരിക്കുന്നവയിൽ 1 ന് തുല്യമല്ലാത്തത് ഏത്?

A) $4\times\frac{1}{4}$ B) $\frac{3}{4}\times\frac{4}{3}$ C) $\frac{1}{10}\times5$ D) $2\frac{1}{2}\times\frac{2}{5}$

പ്രവർത്തനം 4



ചിത്രത്തിൽ വൃത്തത്തെ തുല്യ ഭാഗങ്ങളാക്കിയിരിക്കുന്നു.

എ) ഷെയ്ഡ് ചെയ്ത വൃത്തഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്നസംഖ്യ എഴുതുക.

ബി) ഷെയ്ഡ് ചെയ്ത വൃത്തഭാഗത്തിന്റെ കോണളവ് എത്ര?

സി) 4 സെന്റീമീറ്റർ ആരമുള്ള വൃത്തം വരച്ച് അതിന്റെ $\frac{3}{10}$ ഭാഗം ഷെയ്ഡ് ചെയ്യുക.

ഡി) ക്ലോക്കിൽ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് $120°$ സൂചിപ്പിക്കുന്ന സമയം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

A) 10 മണി B) 7 മണി C) 4 മണി D) 9 മണി

### പ്രവർത്തനം 5


വായന മാസാചരണത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറിയിലേക്ക് VI A യിലെ 35 കുട്ടികൾ പുസ്തകങ്ങൾ കൊടുത്തു. ഒരു കുട്ടി ശരാശരി 9 പുസ്തകങ്ങളാണ് കൊടുത്തത്

എ) VI A യിലെ കുട്ടികൾ കൊടുത്ത ആകെ പുസ്തകങ്ങളുടെ എണ്ണമെത്ര?

ബി) VI B യിലെ 32 കുട്ടികൾ ആകെ 192 പുസ്തകങ്ങൾ കൊടുത്തു. ഒരു കുട്ടി ശരാശരി എത്ര പുസ്തകങ്ങൾ കൊടുത്തു?

സി) 9 മുതൽ തുടർച്ചയായ 11 എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര?

### പ്രവർത്തനം 6




ഒരു ചതുരവും സമചതുരവും ചേർത്തു വരച്ച വലിയ ചതുരമാണ് ചിത്രത്തിൽ.

എ) വലിയ ചതുരത്തിന്റെ നീളം എത്ര മീറ്റർ?

ബി) സമചതുരത്തിന്റെ ചുറ്റളവ് എത്ര?

സി) വലിയ ചതുരത്തിന്റെ പരപ്പളവ് എത്ര?

### പ്രവർത്തനം 7

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ആറാം ക്ലാസിലെ 6 വിദ്യാർഥികൾ താഴെ പറയും പ്രകാരം മഞ്ചാടി കൊണ്ടുവന്നു.

| പേര് | എണ്ണം |
|---|---|
| സേതു | 40 |
| മേരി | 42 |
| റസൽ | 44 |
| മനു | 36 |
| അനു | 32 |
| സൽമാൻ | 46 |


എ) ഒരു കുട്ടി ശരാശരി എത്ര മഞ്ചാടി കൊണ്ടുവന്നു?

ബി) ഈ ഗ്രൂപ്പിൽ 2 കുട്ടികൾ പുതുതായി വന്നു. ഓരോരുത്തരും 44 മഞ്ചാടികൾ വീതം കൊണ്ടുവന്നു. അപ്പോൾ ഈ ഗ്രൂപ്പിലെ ഒരു കുട്ടി കൊണ്ടുവന്ന മഞ്ചാടിയുടെ ശരാശരി എണ്ണം എത്ര?

സി) 8 പേരെയും പരിഗണിച്ചാൽ ഒരാളുടെ ശരാശരി 50 തികക്കാൻ എത്ര മഞ്ചാടി കൂടി വേണം?

പ്രവർത്തനം 8

വീടുകളിൽ വിതരണത്തിനായി മേരി 5 കുപ്പികളിലായി പാൽ ഒഴിച്ചുവച്ചു.




എ) കുപ്പികളിലെ പാലിന്റെ ആകെ അളവ് എത്ര?

ബി) ഏറ്റവും കൂടുതൽ പാലുള്ള കുപ്പിയിലെയും ഏറ്റവും കുറവ് പാലുള്ള കുപ്പിയിലെയും അളവുകൾ തമ്മിലുള്ള വ്യത്യാസം എത്ര?

സി) രവിക്ക് $2\frac{3}{4}$ ലിറ്റർ പാൽ വേണം. താഴെ കൊടുത്തവയിൽ ഏത് സെറ്റ് കുപ്പി എടുത്താൽ $2\frac{3}{4}$ ലിറ്റർ ആകും?

A) 1, 2, 3 B) 1, 3, 4 C) 1, 2, 4 D) 2, 4, 5